بسم الله الرحمن الرحيم

السلام عليكم ورحمه الله وبركاته

ബഹുമാനപ്പെട്ട സഹോദരാ..

കഴിഞ്ഞദിവസം കേരളത്തിലെ സൂഫി സംഘടനയായ SYS മുസ്ലിം ലീഗിനെഴുതിയ കത്ത് വായിച്ചു, എത്ര നിസ്സാരമായാണ് ജനങ്ങളുടെ മനസ്സിൽ നിന്ന് അല്ലാഹുവിനെ മാത്രം വിളിച്ചു പ്രാർത്ഥിക്കണം എന്ന ഖുർആനിൻറെ മർമ്മപ്രധാനമായ ഉദ്ദേശത്തിന്റെ കടക്ക് ഇവർ കത്തിവെക്കുന്നത്. അല്ലാഹുവിനെ മാത്രം എന്ന വാക്ക് എത്രയാണ് ഇവരെ അലോസരപ്പെടുത്തിയത്.

അല്ലാഹു പരിശുദ്ധ ഖുർആനിൽ പറഞ്ഞു

وَإِذَا ذُكِرَ ٱللَّهُ وَحۡدَهُ ٱشۡمَأَزَّتۡ قُلُوبُ ٱلَّذِينَ لَا يُؤۡمِنُونَ بِٱلۡأٓخِرَةِۖ وَإِذَا ذُكِرَ ٱلَّذِينَ مِن دُونِهِۦٓ إِذَا هُمۡ يَسۡتَبۡشِرُونَ - الزُّمَر, آية ٤٥

**അല്ലാഹുവെപ്പറ്റി മാത്രം പ്രസ്താവിക്കപ്പെട്ടാൽ പരലോകത്തിൽ വിശ്വാസമില്ലാത്തവരുടെ ഹൃദയങ്ങൾക്ക് അസഹ്യത അനുഭവപ്പെടുന്നതാണ്. അല്ലാഹുവിന് പുറമെയുള്ളവരെപ്പറ്റി പ്രസ്താവിക്കപ്പെട്ടാലോ അപ്പോഴതാ അവർ സന്തുഷ്ടചിത്തരാകുന്നു.**

അല്ലാഹുവിനെ മാത്രമേ വിളിക്കാവൂ എന്ന് അല്ലാഹുവിൻറെ റസൂൽ صلى الله عليه وسلم പറഞ്ഞപ്പോൾ മക്കക്കാർ പറഞ്ഞത് തന്നെയാണത്

أَجَعَلَ ٱلۡأٓلِهَةَ الها وَٰحِدًاۖ إِنَّ هَٰذَا لَشَيۡءٌ عُجَابٌ - ص, آية ٥

**ഇവൻ പല ദൈവങ്ങളെ ഒരൊറ്റ ആരാധ്യനാക്കിയിരിക്കുകയാണോ? തീർച്ചയായും ഇത് ഒരു അത്ഭുതകരമായ കാര്യം തന്നെ.**

ഇടയാളന്മാരെ വച്ചതിനെ എതിർത്തതാണ് കത്തിന് കാരണം.

മക്കക്കാർ ചെയ്തതും മറ്റൊന്നല്ല മറിച്ച് അവരും അല്ലാഹുവിന് പുറമേ ഇടയാളന്മാരെ വച്ചതാണ്

أَلَا لِلَّهِ ٱلدِّينُ ٱلْخَالِصُ ۚ وَٱلَّذِينَ ٱتَّخَذُوا۟ مِن دُونِهِۦٓ أَوْلِيَآءَ مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَآ إِلَى ٱللَّهِ زُلْفَىٰٓ إِنَّ ٱللَّهَ يَحْكُمُ بَيْنَهُمْ فِى مَا هُمْ فِيهِ يَخْتَلِفُونَ ۗ إِنَّ ٱللَّهَ لَا يَهْدِى مَنْ هُوَ كَـٰذِبٌ كَفَّارٌ- الزُّمَر, آية ٣

**അറിയുക: അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്‌വണക്കം. അവന്നു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) '<u>അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടി മാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്.'</u> അവർ ഏതൊരു കാര്യത്തിൽ ഭിന്നതപുലർത്തുന്നുവോ അതിൽ അല്ലാഹു അവർക്കിടയിൽ വിധികൽപിക്കുക തന്നെ ചെയ്യും. നുണയനും നന്ദികെട്ടവനുമായിട്ടുള്ളവനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച.**

മക്കക്കാർ വാദിച്ചത് ഇവർ അല്ലാഹുവിൻറെ അടുക്കൽ ഞങ്ങൾക്ക് ശുപാർശ ചെയ്യും എന്നാണ്.

وَيَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَضُرُّهُمْ وَلَا يَنفَعُهُمْ وَيَقُولُونَ هَـٰٓؤُلَآءِ شُفَعَـٰٓؤُنَا عِندَ ٱللَّهِ ۚ قُلْ أَتُنَبِّـُٔونَ ٱللَّهَ بِمَا لَا يَعْلَمُ فِى ٱلسَّمَـٰوَٰتِ وَلَا فِى ٱلْأَرْضِ ۚ سُبْحَـٰنَهُۥ وَتَعَـٰلَىٰ عَمَّا يُشْرِكُونَ﴿ ١٨ ﴾ -يُونُس, آية ١٨

**അല്ലാഹുവിന് പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചു കൊണ്ടിരിക്കുന്നു. <u>ഇവർ (ആരാധ്യർ) അല്ലാഹുവിൻറെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു.</u> (നബിയേ,) പറയുക: ആകാശങ്ങളിലോ ഭൂമിയിലോ ഉള്ളതായി അല്ലാഹുവിനറിയാത്ത വല്ലകാര്യവും നിങ്ങളവന്ന് അറിയിച്ചു കൊടുക്കുകയാണോ?അല്ലാഹു അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം എത്രയോ പരിശുദ്ധനും ഉന്നതനുമായിരിക്കുന്നു.**

അവർ വിളിച്ചു ശുപാർശ തേടുകയും ഇടയാളന്മാർ ആക്കുകയും ചെയ്ത സ്വാലിഹീങ്ങളെ അവരുടെ ഇലാഹുകൾ ആണ് എന്നാണ് അല്ലാഹു പറഞ്ഞത്.

നൂഹ് നബി عليه الصلاه والسلام യുടെ സമൂഹം അല്ലാഹുവിനു പുറമെ വിളിച്ചു തേടിയതും മക്കക്കാർ വിളിച്ചു തേടിയ പലരും ഔലിയാക്കളും അമ്പിയാക്കളുമൊക്കെയായിരുന്നു. അമ്പിയാക്കളുടെ പിതാവായ ഇബ്രാഹിം നബി عليه الصلاه والسلام യും മലക്കുകളും ഒക്കെ ആ കൂട്ടത്തിലുണ്ടായിരുന്നു. ഇവർക്കൊന്നും സ്വയം കഴിവുണ്ടെന്നോ, സൃഷ്ടിക്കാനോ കൈകാര്യകർതൃത്വം നടത്താനോ കഴിയുമെന്നോ അവർ വിശ്വസിച്ചിട്ടില്ല.

قُلْ مَن يَرْزُقُكُم مِّنَ ٱلسَّمَآءِ وَٱلْأَرْضِ أَمَّن يَمْلِكُ ٱلسَّمْعَ وَٱلْأَبْصَـٰرَ وَمَن يُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ وَيُخْرِجُ ٱلْمَيِّتَ مِنَ ٱلْحَىِّ وَمَن يُدَبِّرُ ٱلْأَمْرَ ۚ فَسَيَقُولُونَ ٱللَّهُ ۚ فَقُلْ أَفَلَا تَتَّقُونَ -يُونُسَ, اَية ٣١

**പറയുക: ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നത് ആരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചകളും അധീനപ്പെടുത്തുന്നത് ആരാണ്? ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതും, ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതും ആരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാണ്? അവർ പറയും: അല്ലാഹു എന്ന്.അപ്പോൾ പറയുക: എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?**

وَلَئِن سَأَلْتَهُم مَّنْ خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ وَسَخَّرَ ٱلشَّمْسَ وَٱلْقَمَرَ لَيَقُولُنَّ ٱللَّهُ ۖ فَأَنَّىٰ يُؤْفَكُونَ -العَنكَبُوتِ, اَية ٦١

**ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും സൂര്യനെയും ചന്ദ്രനെയും കീഴ്പെടുത്തുകയും ചെയ്തത് ആരാണെന്ന് നീ അവരോട്**

**(ബഹുദൈവവിശ്വാസികളോട്) ചോദിക്കുന്ന പക്ഷം തീർച്ചയായും അവർ പറയും: അല്ലാഹുവാണെന്ന്. അപ്പോൾ എങ്ങനെയാണ് അവർ (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നത്?**

അതിനൊരു പ്രത്യക്ഷ ഉദാഹരണമാണ് അവരുടെ തൽബിയത്ത്

عَنِ ابْنِ عَبَّاسٍ رَضِـي اللهُ عنهما قَـالَ: "كَانَ الْمُشْرِكُونَ يَقُولُونَ: لَبَّيْكَ لا شَـرِيكَ لَكَ، قَـالَ فَيَقُولُ رَسُـولُ اللهِ صلى الله عليه وسلم: ((وَيْلَكُمْ قَدْ، قَدْ))، فَيَقُولُونَ: إِلَّا شَـرِيكًا هُـوَ لَكَ، تَمْلِكُهُ وَمَا مَلَكَ، يَقُولُونَ هـذَا وَهُـمْ يَطُوفُونَ بِالْبَيْتِ"؛ رواه مسلم.

**ഇബ്നു അബ്ബാസ് رضـي الله عـنـه പറഞ്ഞു: മുശ്രിക്കുകൾ പറയുമായിരുന്നു അല്ലാഹുവേ നിനക്ക് ഉത്തരം നൽകിക്കൊണ്ട് ഞങ്ങൾ വന്നിരിക്കുന്നു. നിനക്ക് ഒരു പങ്കുകാരനുമില്ല. അപ്പോൾ അല്ലാഹുവിൻറെ റസൂൽ صلى الله عليه وسلم പറയും: നിർത്തൂ, മതി മതി. അപ്പോൾ അവർ പറയും: ഒരു പങ്കുകാരൻ ഉണ്ട്, ആ പങ്കുകാരൻ നിന്റേതാണ്. ആ പങ്കുകാരുടെയും പങ്കുകാരന്റെ കഴിവുകളെയും നീ ഉടമപ്പെടുത്തിയിരിക്കുന്നു. അവർ ഇത് പറഞ്ഞിരുന്നത് കഅബക്ക് ചുറ്റും അവർ പ്രദക്ഷിണം നടത്തുമ്പോൾ ആണ്. (മുസ്ലിം)**

നബി صـلى الله عـليه وسـلم യോട് അവിടുത്തെ ജീവിത കാലത്തിനുശേഷം സഹാബത്ത് ഇടതേട്ടം നടത്തിയിരുന്നില്ല. അപോൾ ജീവിച്ചിരിക്കുമ്പോളോ? അതേ നടത്തിയിരുന്നു, അത് ശിർക്കും അല്ല. അല്ലാഹുവിന്റെ റസൂലേ ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണം എന്ന് ജീവിതകാലത്ത് പറയുന്നതിൽ ഒരു അബദ്ധവും ഇല്ലെന്നു മാത്രമല്ല പ്രശംസനീയവുമാണ്.

എന്നാൽ അദ്ദേഹത്തിൻറെ മരണശേഷം അവർ അന്ന് ജീവിച്ചിരുന്ന അദ്ദേഹത്തിൻറെ പിതൃവ്യൻ അബ്ബാസ് رضـي الله عـنـه നെ കൊണ്ട് പ്രാർത്ഥിപ്പിച്ചു.

അബ്ബാസ് رضـــي الله عـــنـه നെക്കാൾ ശ്രേഷ്ഠൻ റസൂലാണെന്ന് മുസ്ലിമിന് തർക്കമില്ല. പക്ഷേ ഇടതേട്ടത്തിന് റസൂൽصـــلى الله عـــليه وســـلم നെ അവർ വിളിച്ചില്ല. കാരണം അദ്ദേഹം മരണപ്പെട്ടു.

ഇസ്ലാമല്ലാത്ത മറ്റെല്ലാ മതങ്ങളും അല്ലാഹുവിനോടല്ലാത്ത പ്രാർത്ഥന അനുവദിക്കുന്നുണ്ട്. എന്നാൽ ഇസ്ലാം അത് അനുവദിക്കുന്നില്ല.

وَمَن يَدۡعُ مَعَ ٱللَّهِ إِلَٰهًا ءَاخَرَ لَا بُرۡهَٰنَ لَهُۥ بِهِۦ فَإِنَّمَا حِسَابُهُۥ عِندَ رَبِّهِۦٓۚ إِنَّهُۥ لَا يُفۡلِحُ ٱلۡكَٰفِرُونَ﴿ ١١٧ ﴾ المُؤۡمِنُونَ, آية ١١٧

**വല്ലവനും അല്ലാഹുവോടൊപ്പം മറ്റു വല്ല ആരാധ്യനെയും വിളിച്ചു പ്രാർത്ഥിക്കുന്ന പക്ഷം - അതിന് അവൻറെ പക്കൽ യാതൊരു പ്രമാണവും ഇല്ല തന്നെ - അവൻറെ വിചാരണ അവൻറെ രക്ഷിതാവിൻറെ അടുക്കൽ വെച്ചു തന്നെയായിരിക്കും. സത്യനിഷേധികൾ വിജയം പ്രാപിക്കുകയില്ല; തീർച്ച.**

ആരെയാണോ നീ വിളിച്ചത് തേടുന്നത് അവൻ നിൻറെ ഇലാഹാണ്. അവൻ അല്ലാഹുവിന് തുല്യനാണെന്ന് നീ വിശ്വസിച്ചാലും ഇല്ലെങ്കിലും. എന്തിനധികം ബറക്കത്ത് എടുക്കാൻ ഒരു മരം ഞങ്ങൾക്ക് സ്ഥാപിച്ചു തരാൻ അല്ലാഹുവിൻറെ റസൂലിനോട് പറഞ്ഞപ്പോൾ

قال رسول الله - صلى الله عليه وسلم -: « الله أَكْبَرُ!، إنها السنن! قلتم والذي نفسي بيده كَمَا قَالتْ بَنُو إِسْرائيلَ لموسى: ﴿ اجْعَلْ لَنَا إِلَهاً كَمَا لَهُمْ آلِهَةً قال إنكم قوم تجهلون ﴾ (الأعراف: 138). لتركَبُنَّ سَنَنَ منْ كان قبْلِكُمْ» رواه الترمذي وصححه.

**{അല്ലാഹു അക്ബർ, തീർച്ചയായും ഇത് മുൻകഴിഞ്ഞവരുടെ ചര്യയാണ്. എൻറെ ആത്മാവ് ആരുടെ കയ്യിലാണോ അവനെത്തന്നെ സത്യം, നിങ്ങൾ പറഞ്ഞത് ഇസ്രായേൽ സന്തതികൾ മൂസാ** عـليه السـلام

**യോട് (അവർക്ക് ഇലാഹുകൾ ഉള്ളതുപോലെ ഞങ്ങൾക്കും ഇലാഹിനെ വച്ചുതരൂ) എന്ന് പറഞ്ഞതു പോലെയാണ്.}**

എന്നാണ് റസൂൽ صلى الله عليه وسلم പറഞ്ഞത്.

അതിനാൽ ശൈഖ് മുഹിയുദ്ധീൻ അബ്ദുൽ ഖാദർ ജീലാനി رحمه الله പറഞ്ഞ വാക്കുകൾ പറഞ്ഞു കൊണ്ട് നിർത്തട്ടെ,

"كيف تقول: "لا إله إلا الله" وفي قلبك كم إله؟ (الفتح الرباني، ص 74)

**നീ എങ്ങനെയാണ് لا اله الا الله പറയുക നിൻറെ ഹൃദയത്തിൽ എത്ര ഇലാഹുകളാണ്**


അബൂ ഹൂദ് ആഷിഫ്

ഖത്വീബ്, ഇമാം ശാഫി മസ്ജിദ്, കാസർഗോഡ്


12/01/1446 വെള്ളി

t.me/imamshaafi

@IMAMSHAAFI